# ബസു എ
# കമ്മ്യൂണിസ്റ്റ




**ബൂ**ർഷ്വാ സമ്പന്നസുഖികളുടെ നടുവിൽ പിറന്ന ജ്യോതിബസു എങ്ങനെ ഒരു കമ്മ്യൂണിസ്റ്റുകാരനായി? അധികാരത്തിന്റെയും വിട്ടുവീഴ്ചകളുടെയും വഴികളിലൂടെയുള്ള യാത്രയിൽ പിന്നീടെങ്ങനെ ഒരു കമ്മ്യൂണിസ്റ്റല്ലാതായി?

പ്രൊഫ. സുരഭി ബാനർജി എഴുതിയ ബസുവിന്റെ ആത്മകഥ ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരമാണ്. അവർ എഴുതാത്ത വരികളിലും വരികൾക്കിടയിലെ നിശ്ശബ്ദതകളിലും അപൂർണതകളിലുമാണ് രണ്ടാമത്തെ ഉത്തരം ഒളിഞ്ഞുകിടക്കുന്നത്.

ബസു എന്നും അങ്ങനെയായിരുന്നു. കാലത്തിനും ചരിത്രത്തിനും വിലങ്ങനെ നടന്ന ഒരാൾ. 'ഒരു കമ്മ്യൂണിസ്റ്റുകാരനാവുക' എന്നാൽ മരണം സ്വയംവരിക്കുക എന്നർഥമുണ്ടായിരുന്ന ഒരു സാമൂഹ്യ കാലാവസ്ഥയിൽ തന്റെ കൊട്ടാരംവിട്ട് തെരുവിലേക്ക് വന്നവനാണ് ബസു. 'ഒരു കമ്മ്യൂണിസ്റ്റുകാരനല്ലാതിരിക്കുക' എന്നത് ആത്മഹത്യാപരമായ കുറ്റമായ ഒരു ചൂഷണ വ്യവസ്ഥയിൽ തെരുവുവിട്ട് ബൂർഷ്വാ വ്യാമോഹങ്ങളുടെ കൊട്ടാരക്കെട്ടിലേക്ക് തിരിച്ചുപോകാനാണ് ഇന്ന് ബസു ശ്രമിക്കുന്നത്. ചരിത്രത്തേയും കാലത്തേയും വെല്ലുന്ന പ്രഹേളിക!

'ബസുവിന്റെ ആത്മകഥ' സുരഭി ബാനർജിയുടെ വർഷങ്ങൾനീണ്ട ഗവേഷണഫലമാണ്. പക്ഷേ, മുന്നൂറിലേറെ പേജുകളുള്ള പുസ്തകം വായിച്ചുതീരുമ്പോൾ അവർ നമ്മിൽ നിറയ്ക്കുന്നത് കൂടുതലും സന്ദേഹങ്ങളാണ്. അതിപ്രശംസയും ആരാധനയും ഊറ്റിക്കളഞ്ഞാൽ, ഒരു [illegible] കുടിച്ച അനുഭവമേ ഈ പുസ്തകം പകരുന്നുള്ളൂ. പാർട്ടി രേഖകൾപോലെ ഓരോ വരിയും 'അപ്രൂവ്' ചെയ്യപ്പെട്ടു കിട്ടേണ്ട ഒരു കൃതിക്ക് സംഭവിക്കാവുന്ന അനിവാര്യമായ ദുര്യോഗംതന്നെ.

എങ്കിലും നമുക്ക്, മലയാളി സഖാക്കൾക്ക്, ബസു ഒരു കുംഭഗോപുരമാണ്. 'ഇ.എം.എസിനേക്കാൾ വലിയ ആളാ'ണെന്നു പറയാൻ ധൈര്യമില്ലെങ്കിലും, ജ്യോതിബാബുവിനോട് അന്ധമായ ആരാധന നമുക്കുമുണ്ട്. ബസു പ്രധാനമന്ത്രിയായാൽ പൊട്ടിക്കാൻ കുറെ പടക്കങ്ങൾ നമ്മളും കരുതിവെച്ചിരുന്നു. നമ്മുടെ സഖാക്കൾതന്നെയാണ് അതിനു പാരവെച്ചതെന്ന് കണ്ടപ്പോഴാണ് 'കൺഫ്യൂഷൻ' ഉണ്ടായത്. എങ്കിലും പാർട്ടിയുടെ ആ 'ചരിത്രംകുറിച്ച മണ്ടത്തരം' ആർക്കും ഇപ്പോഴും ദഹിച്ചിട്ടില്ല. ഇന്ദ്രപ്രസ്ഥത്തിൽ ഒരു കമ്മ്യൂണിസ്റ്റ് ഭരണാധികാരി എന്നത് എത്ര പതിറ്റാണ്ടായുള്ള ഒരു സ്വപ്നമാണ്, സഖാവേ! ബസുവിനോളം ആ കസേരയ്ക്ക് അർഹതയുള്ള മറ്റേതു നേതാവുണ്ട് ഇന്ന് ഇന്ത്യയിൽ?

നമുക്കറിയാത്ത ഒരു ബസുവുണ്ട്. ബസുവെന്ന മുഖ്യമന്ത്രിയോ ജനനായകനോ അല്ല. ബസു എന്ന മനുഷ്യൻ. സുരഭി ബാനർജിയുടെ രചനയിൽ ഈ ബസുവിനു തിളക്കംവന്നതു സ്വാഭാവികം. പ്രസംഗവേദികളിലും പത്രങ്ങളിലും കാണാത്ത ബസുവിനെ കാണാനുള്ള വായനക്കാരന്റെ ആഗ്രഹം ഈ അധ്യായങ്ങൾക്ക് കൂടുതൽ വായനക്കാരെ നേടിക്കൊടുത്തേക്കാം. പുസ്തകം വായിച്ചുതീരുമ്പോൾ ഓർമയിൽനില്ക്കുന്നത് സ്നേഹസമ്പന്നനായ, ധാർമിക കരുത്തുള്ള, ദുഃഖപ്രകൃതനായ ബസു എന്ന മനുഷ്യനാണ്; തെരുവുകളെ ഇളക്കിമറിച്ച സമരമുഖങ്ങളിലെ ബസു എന്ന രാഷ്ട്രീയക്കാരനല്ല. ഇ.എം.എസ്സിന്റെ ആത്മകഥയുടെ '[illegible] വിറ്റി'യല്ല, ആത്മപ്രശംസയുടെ വക്കോളമെത്തുന്ന 'ഇൻവോൾവ്മെന്റാ'ണ് ഈ ഗ്രന്ഥത്തെ വ്യത്യസ്തമാക്കുന്നത്.

** ** * ** **

ഇന്ത്യൻരാഷ്ട്രീയത്തിലെ ഒരു അപൂർവ പ്രതിഭാസമാണ് ജ്യോതിബസു. മറ്റൊരു കമ്മ്യൂണിസ്റ്റ് നേതാവും പ്രശസ്തിയുടെ കൊടുമുടിയിൽ ഇത്രകാലം ഇരുന്നിട്ടില്ല. മാറുന്ന സാഹചര്യങ്ങൾക്കും യാഥാർഥ്യങ്ങൾക്കുമനുസരിച്ച് സ്വയം മാറാൻ കഴിഞ്ഞതാണ് ബസുവിന്റെ വിജയം. (ഒരു കമ്മ്യൂണിസ്റ്റുകാരൻ സ്വയം മാറുന്നവനോ ചരിത്രത്തെ മാറ്റുന്നവനോ എന്ന ചോദ്യത്തിന് സുരഭി ബാനർജിയുടെ ഈ പുസ്തകത്തിലെവിടെയും ഉത്തരം കാണില്ല.) കൽക്കത്ത തീസിസ് കുഴിച്ചുമൂടുകയും പാർട്ടി പിളരുകയും (പിളർത്തുകയും?) ചെയ്തശേഷമുള്ള കഴിഞ്ഞ മൂന്ന്

• രാഹുൽ •

പതിറ്റാണ്ടുകാലത്ത് പാർട്ടിക്കകത്തെ അനിഷേധ്യനായ നേതാവ് ബസുവാണ്. ഇന്ത്യയിലേറ്റവും കൂടുതൽ കാലം മുഖ്യമന്ത്രിയായി ഒരു സ്റ്റേറ്റ് ഭരിച്ച വ്യക്തി. അതും ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം. ലോകത്തിന്റെ മിക്ക ഭാഗത്തും കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ പൊഴിഞ്ഞുകൊണ്ടിരുന്നപ്പോഴാണ് പശ്ചിമ ബംഗാൾ, 'വൻകരകൾക്കിടയിലെ ചെങ്കടൽ' ആയി നിലകൊണ്ടത് എന്നോർക്കണം. ബസു എന്ന നേതാവിന്റെ രാഷ്ട്രീയഇച്ഛാശക്തിയും ദൃഢനിശ്ചയവും 'കരിസ്മ'യും മാത്രമാണ് അതിനുള്ള ഉത്തരം. ബസു ബംഗാൾ ജനതയ്ക്ക് ഒരു 'മിത്താ'യി മാറിക്കഴിഞ്ഞിരിക്കുന്നു.

ആത്മകഥ വായിച്ചുതീരുമ്പോൾ നാം സ്വയം ചോദിച്ചുപോകും? ഇത്രയേറെ വൈരുധ്യങ്ങളുള്ള ഒരു മനുഷ്യൻ എങ്ങനെ ഇത്ര ജനസമ്മത

# ദിനെ ഒരു ല്ലാതായി?



ജ്യോതിബസു

നായ ഒരു കമ്യൂണിസ്റ്റ് നേതാവായി? ഉത്തരമില്ലാത്ത ചോദ്യമാണത്. സോഷ്യലിസ്റ്റ് ആശയങ്ങളും പ്രായോഗിക രാഷ്ട്രീയവും സമന്വയിപ്പിക്കാൻ ബസുവിനു കഴിയും. തിളങ്ങുന്ന ശുഭാപ്തിബോധവും കരുകിട വിട്ടുകൊടുക്കാതെ എന്തിനെയും എതിർക്കുന്ന രീതിയും—ഇവ എതിർപ്പുകളിലൂടെ വളർന്ന നേതാവാണല്ലോ ബസു—ഒരേ സമയം അദ്ദേഹത്തിലുണ്ട്. പ്രഭുകുടുംബത്തിൽ പിറന്നെങ്കിലും കമ്യൂണിസവുമായുണ്ടായ പ്രണയംതന്നെ ഈ വൈരുധ്യങ്ങൾക്കു തുടക്കം. ജന്മംകൊണ്ട്, ഇന്ത്യക്കാരനെങ്കിലും പഠിച്ചതും വളർന്നതുമെല്ലാം തികഞ്ഞ പാശ്ചാത്യനായിട്ട്. പുരോഗമനവാദി; പക്ഷേ, പാരമ്പര്യത്തെക്കുറിച്ച് ഊറ്റംകൊള്ളുന്നവൻ. ആശയങ്ങളിൽ വിപ്ലവകാരി, പക്ഷേ, തികഞ്ഞ പ്രായോഗികമതി. ജനങ്ങളെ ഇളക്കിമറിക്കാൻ പോന്ന വാഗ്മി, പക്ഷേ, തികഞ്ഞ അന്തർമുഖൻ, തൊട്ടാവാടി. എല്ലാ വൈരുധ്യങ്ങളും തന്റെ കരുത്താക്കി മാറ്റാൻ പോന്ന അനുപാതബോധമാവണം ബസുവിനെ അപൂർവ ജനുസ്സിൽ പെട്ട നേതാവാക്കിയത്. ഈ ഉന്നതശീർഷനായ നേതാവിന്റെ പ്രഭാവലയത്തിൽ വ്യാമുഗ്ധയായിപ്പോയ ഗ്രന്ഥകാരിക്ക്, ആ നേതാവിന്റെ കർഷണവലയത്തിൽപ്പെട്ടു കിടക്കുന്ന ജനകോടികളെപ്പോലെ തന്നെ, അദ്ദേഹത്തെ അകന്നു നിന്നു നോക്കാനും വിലയിരുത്താനും കഴിയാതെ പോയത് കുറ്റമല്ല. വായനാവേളയിൽ നമുക്കും അതിനു കഴിയില്ല.

**ഒരു ഇന്ത്യൻകമ്യൂണിസ്റ്റിന്റെ ധർമസങ്കടങ്ങളല്ല 'ജ്യോതിബസു'വിന്റെ ആത്മകഥയിലുള്ളത്. കൽക്കത്തയിലെ തെരുവിൽനിന്ന് ഇന്ദ്രപ്രസ്ഥത്തിലെ കസേരവരെയുള്ള യാത്രയ്ക്കിടയിൽ ബസുവിലെ കമ്യൂണിസ്റ്റുകാരൻ ഇഞ്ചിഞ്ചായി മരിക്കുന്നതിന്റെ ചിതറിയ ദൃശ്യങ്ങളാണ്. പാർട്ടിയുടെ ചരിത്രപരമായ മണ്ടത്തരങ്ങളുടെ കഥയും—**

ആശയങ്ങളുടെയും പ്രതിബദ്ധതയുടെയും ലോകത്ത് ബസു എന്നും ഒറ്റയാനായിരുന്നു. തത്ത്വങ്ങളെക്കാൾ സാഹചര്യങ്ങൾക്കാണ് ബസു വിലകല്പിച്ചത്. ദില്ലിയിലെ കസേര തന്റെ ചരിത്രപരമായ നിയോഗമായിരുന്നു എന്ന് വിശ്വസിക്കാൻ ബസുവിന് മടിയില്ല. ബസുവിന്റെ ന്യായം: 'ചരിത്രം നമ്മെ വെല്ലുവിളിക്കുകയാണ്. ചില മുഹൂർത്തങ്ങളിൽ ചരിത്രത്തെ നേരിടാൻ നമ്മളും ചങ്കൂറ്റം കാണിക്കണം. ഇല്ലെങ്കിൽ നാളെയുടെ അടരുകളിൽ ഒരു കപ്പാടിപോലും അവശേഷിക്കാതെ നമ്മളെ ചരിത്രം കുഴിച്ചുമൂടും. ഈ നിർണായക മുഹൂർത്തത്തിനു മുന്നിൽ പാർട്ടിക്കു മുട്ടു വിറച്ചു.' ബസുവല്ല, പാർട്ടിയാണ് തോറ്റത് എന്ന് ബസു പറയും. ചരിത്രത്തെ നേരിട്ട് ജയിക്കാത്ത ഒന്നും നിലനിൽക്കുകയില്ല. ഒളിച്ചോടുന്നവരെന്നും ഭീരുവെന്നും വിശേഷിപ്പിക്കപ്പെടുന്നതിനേക്കാൾ അപമാനം മറ്റൊന്നില്ലെന്നു വിശ്വസിക്കുന്ന ബസു പാർട്ടിയുടെ 'ചരിത്രപരമായ ഈ മണ്ടത്തരം' ഓർത്ത് ഇന്നും ഖിന്നനാണ്. ക്വിറ്റിന്ത്യാ സമരവും ചീനായുദ്ധവും വന്നപ്പോൾ എടുത്ത നിലപാടുകളെപ്പറ്റിയൊന്നും ഇത്ര ഖിന്നത ബസുവിൽ കാണുന്നില്ല എന്നത് സുരഭി വിശദീകരിക്കാത്ത കാര്യം.

ഇന്ത്യയുടെ ദൗർഭാഗ്യമാണ് ബസുവിനെപ്പോലൊരു പ്രധാനമന്ത്രി നമുക്കുണ്ടാവാഞ്ഞത് എന്നതിൽ തർക്കമില്ല. ബസു മുഖ്യമന്ത്രിയായശേഷമുള്ള ബംഗാളിന്റെ പതിനെട്ടു കൊല്ലത്തെ വളർച്ചയുടെ ഗ്രാഫ് അത് വ്യക്തമാക്കും. ഭക്ഷ്യോല്പാദനത്തിൽ 34 ശതമാനമാണ് ബംഗാളിന്റെ വളർച്ചാനിരക്ക്. വ്യവസായോല്പാദനനിരക്ക് പ്രതിവർഷം അഞ്ചു ശതമാനം വർധനവാണ് കാണിക്കുന്നത്. വൈദ്യുതി—ഗ്യാസ്—കുടിവെള്ള മേഖലയിൽ ഈ വർധന ശതമാനം 16.4 ആണ്. 1995ൽ മാത്രം ബംഗാളിൽ വന്ന വിദേശനിക്ഷേപം പത്തുകോടി ഡോളർ വരും. 1984–85 കാലത്ത് ശരാശരി രണ്ടര മണിക്കൂറായിരുന്നു ബംഗാളിൽ പവർകട്ട്. ഇന്നത് 20 മിനുട്ടായി ചുരുങ്ങിയിരിക്കുന്നു. തൊഴിലാളികളുടെയും വ്യവസായികളുടെയും താല്പര്യങ്ങൾ ഒരുപോലെ സംരക്ഷിക്കപ്പെടുന്ന ഏക സംസ്ഥാനം ഒരുപക്ഷേ, ബംഗാൾ മാത്രമായിരിക്കും. ആറു പതിറ്റാണ്ടു നീണ്ട രാഷ്ട്രീയ പ്രവർത്തനത്തിനൊടുവിൽ ദില്ലിയിലെ കസേര ബസുവിനെ തേടിവന്നതായിരുന്നു—അർഹതയുള്ള അംഗീകാരമായിട്ട്. പക്ഷേ, കാലം എവിടെയോ ചതിച്ചു.

സുരഭി ബാനർജിയുടെ പുസ്തകത്തിലൂടെ സഞ്ചരിക്കുമ്പോൾ ഈ 'ക്രൂരമായ മുറിവാ'ണ് ഏറ്റവും വലിയ ദുരന്തമെന്ന് നമുക്കു തോന്നിപ്പോവും. 1930കളിലും 40കളിലും ബസു നയിച്ച സമരങ്ങൾക്ക് ബസു മുഖ്യമന്ത്രിയായ ശേഷമെങ്കിലും ബംഗാളിൽ ശാശ്വതമായ ഫലമുണ്ടായോ എന്നൊന്നും അവർ പറയുന്നില്ല. പാർലമെന്ററി വ്യാമോഹമെന്ന 'ചരിത്രപരമായ മണ്ടത്തര'ത്തിലേക്ക് ഹോചിമിനെ ആരാധിക്കുന്ന ഒരു കമ്യൂണിസ്റ്റ് നേതാവിനുണ്ടായ വീഴ്ച അവർ പറയാത്ത വരികളിൽ വേണം നമ്മൾ വായിച്ചെടുക്കാൻ. 'തേഭാഗ സമര'വും 'ടാംഫെയർ സമര'വും വിദൂര ഭൂതകാലത്തെവിടെയോ ബസു മറന്നുപോയിരിക്കുന്നു. 'ജനകീയമെന്ന മിഥ്യാധാരണയുമായി സർക്കാർ ചെയ്യുന്ന പലതും ഉപേക്ഷിക്കേണ്ട സമയമായിരിക്കുന്നു' (പേജ് 228) എന്നാണ് ഇപ്പോൾ ബസു പറയുക. 'സാഹചര്യങ്ങളെ മൂർത്തമായി കാണാനും പഠിക്കാനും നിങ്ങളെ സഹായിക്കുന്ന ശാസ്ത്രം മാത്രമാണ് മാർക്സിസം' എന്ന് ബസു ഇന്ന് നിർവചിക്കുന്നു. വെള്ളംപോലെ വെച്ച പാത്രത്തിന്റെ ആകൃതിയുള്ള ഒന്നാണെന്നോ മാർക്സിസം? പുസ്തകത്തിലെ വരികൾക്കിടയിലെ മൗനങ്ങളിൽ നാം വായിച്ചെടുക്കുക അതാണ്. ഒരുപക്ഷേ, തെരുവിൽ നിന്ന് ഇന്ദ്രപ്രസ്ഥത്തിലെ കസേരയിലേക്കുള്ള ദൂരമെന്നത് ഈ തിരിച്ചറിവായിരിക്കാം.

ആമുഖമായി ബസു പറഞ്ഞിട്ടുണ്ടല്ലോ, ഇതിലുള്ള എല്ലാ ഉദ്ധരണികൾക്കും ഞാനാണ് ഉത്തരവാദി എന്ന്. കമ്യൂണിസ്റ്റാവാൻ കൊതിച്ചതുതന്നെ 'ചരിത്രപരമായ ഒരു മണ്ടത്തര'മായിപ്പോയി എന്ന് ബസുവിനെ ഉദ്ധരിച്ച് പ്രൊഫ. സുരഭി ഇതിന്റെ രണ്ടാം പതിപ്പിൽ എഴുതുന്ന കാലവും വിദൂരമല്ല.

ഈ കമ്യൂണിസ്റ്റുകാരന്റെ ധർമസങ്കടങ്ങൾക്കു മറുപടിയായി അതിനു മുമ്പ്, ചരിത്രംതന്നെ സ്വന്തം മണ്ടത്തരം തിരുത്തുകയില്ലെന്നാരുകണ്ടു?

(ജ്യോതിബസു:—പ്രൊഫ. സുരഭി ബാനർജി, പ്രസാ. വൈക്കിങ് പെൻഗ്വിൻ ഇന്ത്യ, പേജ് 333, വില 400 രൂപ)